പതിനൊന്നാം ധനകാര്യ കമ്മിഷന്റെ പരിഗണനയ്ക്കുള്ള വിഷയങ്ങൾ

24 (*84)ശ്രീ. പാലോട് രവി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ.സി. ജോസഫ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ പരിഗണനയ്ക്കുള്ള വിഷയങ്ങൾ വിപുലമാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ധനകാര്യ കമ്മിഷന്റെ അധിക പരിഗണനയ്ക്ക് വച്ചിട്ടുള്ള വിഷയങ്ങൾ;

(സി) ഈ വിഷയങ്ങൾ സംസ്ഥാനത്തെ ഏതുവിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തഭിപ്രായമാണ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി കുറയ്ക്കാനുള്ള ഒരു സാമ്പത്തിക പരിഷ്ക്കരണ പദ്ധതിക്ക് രൂപം നൽകാനും, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതിയെ, സംസ്ഥാനങ്ങളുടെ പദ്ധതിയേതര റവന്യൂ ചെലവിലുണ്ടാകുന്ന കമ്മി നികത്തുന്നതിന് നൽകുന്ന ഗ്രാന്റുമായി എങ്ങനെ ബന്ധപ്പെടുത്താം എന്നതിനെക്കുറിച്ചും ശുപാർശ സമർപ്പിക്കാനാണ്, അധിക പരിഗണന വിഷയത്തിൽ കമ്മിഷനോടാവശ്യപ്പെട്ടിരിക്കുന്നത്.

(സി) ധനകാര്യ കമ്മിഷൻ ഇക്കാര്യത്തിൽ നടത്തുന്ന ശുപാർശകൾ ലഭിച്ചശേഷമേ അത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് പറയാൻ സാധിക്കൂ.

(ഡി) സംസ്ഥാനത്തിന്റെ ധനകാര്യ സ്വയം ഭരണാധികാരത്തെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളതുകൊണ്ട് അധിക പരിഗണനാ വിഷയം റദ്ദു ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

കർഷകരക്ഷാ പദ്ധതിയുടെ പ്രവർത്തനം

25 (*85)ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. പി. രാഘവൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. എ. കണാരൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച കർഷകരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly